**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1350** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ചെങ്ങന്നൂർ കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ചെങ്ങന്നൂർ കെ എസ് ആർ ടി സി ബസ് ടെർമിനൽ നിർമ്മാണത്തിന് ഏതെല്ലാം ഇനത്തിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് മുഖേന ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിന് ബജറ്റ് ഫണ്ടിൽ നിന്നും 2021-22 കാലഘട്ടത്തിൽ 2.50 കോടി രൂപയും 2022-23 കാലഘട്ടത്തിൽ 4.00 കോടി രൂപയും 2023-24 കാലഘട്ടത്തിൽ 3.00 കോടി രൂപയും 2024-25-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി രൂപയും ചേർത്ത് ആകെ 11.50 കോടി രൂപ വകയിരുത്തിയിരുന്നു.

**(ബി)** പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ബസ് ടെർമിനൽ നിർമ്മാണം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** ബജറ്റ് ഫണ്ടിൽ നിന്നും അനുവദിച്ച 9.50 കോടി രൂപയുടെ പ്രവൃത്തിക്കായി 07.05.2026-ന് കരാർ ഒപ്പു വയ്ക്കുകയുണ്ടായി. തുടർന്ന് സൈറ്റ് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച രണ്ടുകോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ബസ് ടെർമിനൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** പൊതുമരാമത്ത് വകുപ്പ് മുഖേന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**